3051
26/3/14

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

## സംഗ്രഹം

കൃഷി വകുപ്പ്- കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി - നടപടി ക്രമം സംബന്ധിച്ച ഉത്തരവിന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

## കൃഷി (ആസൂത്രണം-എ) വകുപ്പ്

സ.ഉ.(എം.എസ്) നമ്പർ 75/2014/കൃഷി തീയതി, തിരുവനന്തപുരം, 19/03/2014.

================================================================

പരാമർശം:- 1. ജി.ഒ (എം.എസ്) നമ്പർ 311/95/കൃഷി തീയതി 31/08/1995.
2. ജി.ഒ (എം.എസ്) നമ്പർ 73/97/കൃഷി തീയതി 01/03/1997.
3. ജി.ഒ (എം.എസ്) നമ്പർ 235/98/കൃഷി തീയതി 31/10/1998.
4. ജി.ഒ (എം.എസ്) നമ്പർ 30/99/കൃഷി തീയതി 04/02/1999.
5. കൃഷി ഡയറക്ടറുടെ 21/12/2009 ലെ റ്റി.എ (2) 3564/09 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ കാർഷികമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ വൈദ്യുതി സൗജന്യ പദ്ധതി പ്രകാരം 01/08/1995 മുതൽ നെൽകൃഷിയ്ക്ക് പൂർണ്ണമായി വൈദ്യുതി സൗജന്യം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം വൈദ്യുതി സൗജന്യം 01/03/1997 മുതൽ ഒരു ഹെക്ടർ വരെയുള്ള മറ്റ് വിളകൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (3) പ്രകാരം 2 ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾക്കും 01/04/1997 മുതൽ മുൻകാല പ്രബല്യത്തോടെ ഈ ആനുകൂല്യം ബാധകമാക്കികൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു.

2. ഈ പദ്ധതിയനുസരിച്ച് കർഷകർ ഉപയോഗിക്കുന്ന വൈദ്യുതിയ്ക്കുള്ള ചാർജ്ജ് കൃഷിവകുപ്പ് വൈദ്യുതി ബോർഡിന് നേരിട്ട് നൽകിവരുന്ന രീതിയാണ് ഇപ്പോൾ അവലംബിക്കുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ യഥാസമയം മതിയായ ഫണ്ട് ലഭിക്കാതെ വരുമ്പോൾ കർഷകർ ഉപയോഗിക്കുന്ന വൈദ്യുതിയ്ക്കുള്ള ചാർജ്ജ് പൂർണ്ണമായും അടയ്ക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാകുകയും അത് നിമിത്തം വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക വരുകയും അതിനാൽ പല സ്ഥലങ്ങളിലും കാർഷിക വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും ചെയ്യുന്ന അവസ്ഥാവിശേഷം നിലനിൽക്കുന്നതായും പരാമർശം (5) പ്രകാരം കൃഷി ഡയറക്ടർ അറിയിച്ചിരിക്കുന്നു. കൃഷിവകുപ്പിൽ നിന്നും യഥാസമയം വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ സാധിക്കാതെ വരുമ്പോഴുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയ്ക്ക് ബോർഡ്

സർചാർജ്ജും ഡിസ്കണക്ഷൻ ചാർജ്ജും കൂടി കണക്കാക്കി വൈദ്യുതി ചാർജ്ജ് കുടിശ്ശികയോടൊപ്പം ഈടാക്കുന്നു. അങ്ങനെ വരുമ്പോൾ ജില്ലകൾക്ക് അനുവദിക്കുന്ന തുക കുടിശ്ശികയിനത്തിൽ പൂർണ്ണമായും തീർക്കാൻ സാധിക്കാതെ വരുന്നു. ഇത് വീണ്ടും കുടിശ്ശിക വർദ്ധിക്കുന്നതിന് കാരണമാകുന്നു. വൈദ്യുതി വകുപ്പ് ചില ജില്ലകളിൽ സർചാർജ്ജ് തുക ഉൾപ്പെടെ ബില്ല് ലഭ്യമാക്കുകയും മറ്റു ജില്ലകളിൽ വേർതിരിച്ച് കാണിച്ച് ബിൽ നൽകുകയും ചെയ്യുന്നു. ഈ രീതി തുടർന്ന് പോയാൽ സർക്കാരിന് സർചാർജ്ജിനത്തിലും പലിശയിനത്തിലും മറ്റും വൻതുക വർഷംതോറും ബാദ്ധ്യത വരും. കർഷകന്റേതല്ലാത്ത കാരണത്താൽ വൈദ്യുതി വിച്ഛേദിക്കുന്നത് വിളനാശവും കർഷകന് സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നതിന് കാരണമാകുന്നു.

3. ഈ സാഹചര്യത്തിൽ കാർഷിക വൈദ്യുതി കണക്ഷനുകളുടെ ചാർജ്ജ് ഗുണഭോക്താക്കളായ കർഷകർ നേരിട്ട് വൈദ്യുതി ബോർഡിന് അടയ്ക്കുകയും കർഷകരുടെ വിളയുടേയും കൃഷിസ്ഥല വിസ്തീർണ്ണത്തിന്റേയും അടിസ്ഥാനത്തിൽ കണക്കാക്കുന്ന തുക ഇ-പേയ്മെന്റ് മുഖേന കർഷകരുടെ അക്കൗണ്ടിലേക്ക് കൃഷിവകുപ്പ് മടക്കി നൽകാവുന്നതാണെന്നും കൃഷി ഡയറക്ടർ നിർദ്ദേശിക്കുകയും അതനുസരിച്ച് പരാമർശം (4) ലെ ഉത്തരവിന് ഭേദഗതി വരുത്തുവാൻ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി ഡയറക്ടറുടെ ഈ നിർദ്ദേശം കെ.എസ്.ഇ.ബി യും പവർ വകുപ്പും അനുകൂലിച്ചിട്ടുണ്ട്. ഇതുപ്രകാരം പലിശയിനത്തിലും ഡിസ്കണക്ഷൻ ഫീസായും ബോർഡ് അനധികൃതമായി ഈടാക്കുന്ന സർചാർജ്ജിനത്തിൽ നൽകേണ്ടിവരുന്ന തുകയും ലാഭിക്കുവാൻ സാധിക്കുന്നു.

4. കൂടാതെ മഴ ലഭിക്കുന്ന ജൂൺ മുതൽ ഒക്ടോബർ വരെയുള്ള 5 മാസകാലയളവിൽ പദ്ധതിയുടെ ആനുകൂല്യം കരകൃഷി ചെയ്യുന്ന കർഷകർക്ക് ഇ-പേയ്മെന്റ് വഴി നൽകേണ്ടതില്ലെന്നും എന്നാൽ ഈ കാലയളവിലെ നെൽകൃഷിയ്ക്ക് പമ്പിംഗിനും മറ്റും മോട്ടോർ ഉപയോഗിക്കുന്നതിനാൽ ഈ ആനുകൂല്യം നൽകാവുന്നതാണെന്നും കൃഷി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് പവർ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം നൽകിയിട്ടുണ്ട്.

" ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം എല്ലാ എച്ച്.റ്റി വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും അവരുടെ കോൺട്രാക്ട് ഡിമാൻറിന് ആനുപാതികമായും എൽ.റ്റി ഉപഭോക്താക്കളിൽ നിന്നും അവരുടെ കണക്ടഡ് ലോഡിന് ആനുപാതികമായും ഫിക്സഡ്/ഡിമാന്റ് ചാർജ്ജ് ഈടാക്കേണ്ടതുണ്ട്. ഈ പ്രതിമാസ/ദ്വൈമാസ ഫിക്സഡ്/ഡിമാന്റ് ചാർജ്ജ്, ഉപഭോഗം ഇല്ലെങ്കിൽ കൂടി നിയമാനുസൃതമായി നൽകാൻ എല്ലാ ഉപഭോക്താക്കളും ബാദ്ധ്യസ്ഥരാണ്. കൂടാതെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരം സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളുടെ നിരക്ക് നിശ്ചയിക്കാനുള്ള പരിപൂർണ്ണ അധികാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ടി കാരണത്താൽ ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മഴക്കാല മാസങ്ങളിൽ കരകൃഷിക്ക് ജലസേചനം ആവശ്യമില്ലാത്ത സമയത്തും, നിലവിലുള്ള നിയമപ്രകാരം

ഫിക്സഡ്/ഡിമാന്റ് ചാർജ്ജ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ബാധ്യസ്ഥമാണ്'.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അത് പ്രകാരം കാർഷികാവശ്യത്തിനുള്ള വൈദ്യുതിയ്ക്ക് സൗജന്യം നൽകുന്ന പദ്ധതി നടപടിക്രമം സംബന്ധിച്ച് പരാമർശം (4) ലെ ഉത്തരവിന് താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കാർഷിക വൈദ്യുതി കണക്ഷനുകളുടെ ചാർജ്ജ് ഗുണഭോക്താക്കൾ തന്നെ നേരിട്ട് വൈദ്യുതി ബോർഡിന് അടയ്ക്കുകയും കർഷകരുടെ വിളയുടേയും വിസ്തീർണ്ണത്തിന്റേയും അടിസ്ഥാനത്തിൽ കണക്കാക്കുന്ന തുക ഇ-പേയ്മെന്റ് മുഖേന കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് മടക്കി നൽകുകയും ചെയ്യാവുന്നതാണ്.

2. ജൂൺ മുതൽ ഒക്ടോബർ വരെയുള്ള വർഷകാല മാസങ്ങളിൽ (മഴയുടെ അളവ് താരതമ്യേന കൂടുതലുള്ള മാസങ്ങൾ) കരക്കൃഷിയ്ക്ക് ജലസേചനം ആവശ്യമില്ലാത്തതിനാൽ പദ്ധതി പ്രകാരം തുക നൽകേണ്ടതില്ല. എന്നാൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം എല്ലാ എച്ച് റ്റി വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും അവരുടെ കോൺട്രാക്ട് ഡിമാൻറിന് ആനുപാതികമായും എൽ.റ്റി ഉപഭോക്താക്കളിൽ നിന്നും അവരുടെ കണക്ടഡ് ലോഡിന് ആനുപാതികമായി ഫിക്സഡ്/ഡിമാന്റ് ചാർജ്ജ് ഈടാക്കേണ്ടതിനാൽ ഈ പ്രതിമാസ/ദ്വൈമാസ ഫിക്സഡ്/ഡിമാന്റ് ചാർജ്ജ്, ഉപഭോഗം ഇല്ലെങ്കിൽ കൂടി, ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മഴക്കാല മാസങ്ങളിൽ കരകൃഷിയ്ക്ക് ജലസേചനം ആവശ്യമില്ലാത്ത സമയത്തും നിലവിലുള്ള നിയമപ്രകാരം ഉപഭോക്താക്കൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നേരിട്ട് അടയ്ക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
അനിത.കെ.ആർ
ഡെപ്യൂട്ടി സെക്രട്ടറി

കൃഷി ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, കെ.എസ്.ഇ.ബി, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), കേരള
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
ഊർജ്ജ (എ) വകുപ്പിന്
കൃഷി (കൃഷി) വകുപ്പ്
വിവര-പൊതുജന സമ്പർക്ക വകുപ്പ് (വെബ് ആന്റ് ന്യൂമീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ